പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 652

29/06/2015-ൽ മറുപടിക്ക്

# അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിൽ ശിശുമരണങ്ങൾക്കിടയാക്കുന്ന അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (എ) | അട്ടപ്പാടിയിൽ സംഭവിച്ച ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ ഇവ പരിഹരിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. സാമൂഹ്യക്ഷേമ വകുപ്പിന്റെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി, സബല പദ്ധതി, അമൃതം ന്യൂട്രിഷ്യൻ മിക്സ് വിതരണം, ആരോഗ്യ വകുപ്പിന്റെ ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, ജാതക്-ജനനി സോഫ്റ്റ്‌വെയർ, പട്ടികവർഗ്ഗ ഗർഭിണികൾക്കു അയൺ ഗുളികകൾ, ഫോളിക് ആസിഡ് എന്നിവകളുടെ വിതരണം, സപ്ലിമെന്ററി ന്യൂട്രീഷ്യൻ പ്രോഗ്രാം, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭക്ഷ്യസഹായ പദ്ധതി, ജനനി-ജന്മരക്ഷ പദ്ധതി തുടങ്ങിയവ പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടെത്തിയ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും, ആരോഗ്യ പ്രശ്നങ്ങൾ കുറയ്ക്കുന്നതിനും ഉദ്ദേശിച്ച് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികളാണ്. |

സെക്ഷൻ ഓഫീസർ